(എ) വിവിധ ഇനം വായ്പകൾ എടുക്കാൻ കേരളത്തിലെ വിവിധ ബാങ്കുകളിൽ എത്തുന്ന വിദ്യാഭ്യാസ ലോൺ, വ്യവസായ ലോൺ മുതലായവ അപേക്ഷകരോട് ബാങ്ക് അധികൃതർ, മാന്യമായി പേരുമാറാത്ത വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

(ബി) എങ്കിൽ ഇതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ സർക്കാരിന് കഴിയും എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഇക്കാര്യങ്ങളെക്കുറിച്ചുള്ള ചില ഒറ്റപ്പെട്ട പരാതികൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച പരാതികൾ സർക്കാർ സംസ്ഥാനതല ബാങ്കിംഗ് സമിതി മുഖേനയാണ് പരിഹരിക്കുന്നത്. സർക്കാരിന് ലഭിക്കുന്ന പരാതികൾ സംസ്ഥാനതല ബാങ്കിംഗ് സമിതിമുഖേന അതാതുബാങ്കുകളുടെ മേലധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുകയും അവയ്ക്ക് തക്കതായ പരിഹാരം കാണുകയും ചെയ്തുവരുന്നു. കൂടാതെ വിദ്യാഭ്യാസ വായ്പ സംബന്ധിച്ചുള്ള പരാതികൾ പരിഹരിക്കുന്നതിനായി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ജില്ലാകളക്ടറുടെ നേതൃത്വത്തിൽ ഒരു ജില്ലാതല മോണിറ്ററിംഗ് സമിതി രൂപീകരിച്ചിട്ടുണ്ട്. ഈ സമിതി എല്ലാമാസവും യോഗംചേർന്ന് ഈ രംഗത്ത് നിലനിൽക്കുന്ന പരാതികൾക്ക് തീർപ്പുകല്പിക്കാറുണ്ട്.

പിന്നോക്ക സമുദായങ്ങളുടെ സർക്കാർ/പൊതുമേഖലാ സർവ്വീസ് പ്രാതിനിധ്യം പരിശോധിക്കുന്നതിനുള്ള സമിതി

25 (27) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിന്നോക്ക സമുദായങ്ങൾക്ക് സർക്കാർ /പൊതുമേഖലാ സർവ്വീസിലുള്ള പ്രാതിനിധ്യം പരിശോധിക്കുന്നതിന് മുഖ്യമന്ത്രി ചെയർമാനായി ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് സംബന്ധമായ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) ആരെല്ലാമാണ് പ്രസ്തുത സമിതിയിലെ അംഗങ്ങൾ ; എന്നാണ് സമിതിക്ക് രൂപംനൽകിയത് ;

(ഡി) ഇതിനകം സമിതി എത്ര യോഗംചേർന്നുവെന്നും സമിതി കൈക്കൊണ്ട തീരുമാനങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ ;

(ഇ) പി.എസ്.സി.-യുടെ നിയമനത്തിലെ യൂണിറ്റ് സമ്പ്രദായങ്ങളിൽ മാറ്റംവരുത്തുന്നതിന് പ്രസ്തുത സമിതി ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി&സി) 21-7-2010-ലെ സ.ഉ.(എം.എസ്.)83/2010/പജപവവിവ. ഉത്തരവ് പ്രകാരമാണ് സമിതിക്ക് രൂപം നൽകിയത്. സമിതിയിലെ അംഗങ്ങളുടെ പേരുവിവരം അടങ്ങിയ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ഡി&ഇ) സമിതിയുടെ പ്രഥമയോഗം ചേരുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

അടിയന്തരാവസ്ഥക്കാലത്ത് പീഡനം അനുഭവിച്ച് ജയിലിൽകഴിഞ്ഞ ആളുകൾക്ക് പെൻഷൻ

26 (29) ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടിയന്തരാവസ്ഥത്തക്കാലത്ത് പീഡനം അനുഭവിച്ച് ജയിലിൽ കഴിഞ്ഞ ആളുകൾക്ക് പെൻഷൻ അനുദിക്കണമെന്ന ആവശ്യം സർക്കാർ പരിഗണനയിൽ ഉണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) എങ്കിൽ നടപടിയുടെ പുരോഗതി വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) ബാധകമല്ല.

അടിയന്തിരാവസ്ഥത്തടവുകാരുടെ അപേക്ഷകൾ

27 (30) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ അടിയന്തരാവസ്ഥത്തടവുകാരുടെ ആവശ്യങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അടിയന്തരാവസ്ഥത്തടവുകാർ ഉന്നയിച്ചിട്ടുള്ള പ്രധാന ആവശ്യങ്ങൾ വെളിപ്പെടുത്തുമോ ;

(സി) അടിയന്തരാവസ്ഥത്തടവുകാരെ രാഷ്ട്രീയത്തടവുകാരായി അംഗീകരിക്കുന്ന കാര്യത്തിലുള്ള നിലപാട് വ്യക്തമാക്കുമോ ?

(ഡി) അടിയന്തരാവസ്ഥത്തടവുകാർക്ക് പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ അനുവദിക്കുന്ന കാര്യത്തിലുള്ള നിലപാട് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അടിയന്തരാവസ്ഥത്തടവുകാർക്ക് പെൻഷൻ അനുവദിക്കണമെന്നതാണ് പ്രധാനആവശ്യം.

(സി&ഡി) ഇപ്പോൾ പരിഗണനയിലില്ല.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly